# 16th Round of India-Israel Foreign Office Consultations

December 07, 2020

---

## 16 ആം ഘട്ട ഇന്ത്യ -ഇസ്രായേൽ വിദേശകാര്യ പര്യാലോചനകൾ

ഡിസംബർ 07, 2020

1. ഇന്ത്യ -ഇസ്രായേൽ വിദേശകാര്യ പര്യാലോചനകളുടെ 16 മത് ഘട്ടം 2020 ഡിസംബർ 7 നു വീഡിയോ കോൺഫറൻസിലൂടെ നടന്നു.ഇതിൽ സെക്രട്ടറി (CPV & OIA ) ശ്രീ സഞ്ജയ് ഭട്ടാചാര്യയും ഇസ്രായേൽ വിദേശകാര്യ വകുപ്പ് ഡയറക്ടർ ജനറൽ ശ്രീ. അലോൻ ഉഷ്പിസും നേതൃത്വം വഹിച്ചു.

2. പ്രതിരോധവും സുരക്ഷയും, തീവ്രവാദവിരുദ്ധത, സൈബർ സുരക്ഷാ തുടങ്ങിയ നയപരമായ മേഖലകളിലും ജലം കാർഷിക മേഖല, ശാസ്ത്ര സാങ്കേതികത, കണ്ടുപിടുത്തങ്ങളും നൂതന സംരംഭങ്ങളും ഊർജം വിദ്യാഭ്യാസ സഹകരണം, വ്യവസായ , ഉഭയകക്ഷി നിക്ഷേപങ്ങൾ തുടങ്ങിയ പ്രധാന മേഖലകളിലും തുടർന്നുകൊണ്ടിരിക്കുന്ന സഹകരണ പ്രവർത്തനങ്ങളുടെ പുരോഗതി ഇരു ഭാഗങ്ങളും സമഗ്രമായി അവലോകനം ചെയ്തു.

3. കൂട്ടായി വികസിപ്പിച്ചെടുത്ത കാർഷിക മേഖലയിലെ എക്സ്സലൻസി സെന്ററുകൾ, ബുന്ദേൽഖണ്ഡ് പ്രവിശ്യയിലെ ജല സംരക്ഷണത്തിനായുള്ള പൈലറ്റ് പ്രോജക്ട് ,അഹമ്മദാബാദ് അടിസ്ഥാനമാക്കിയുള്ള ഇന്റർനാഷണൽ സെന്റർ ഫോർ ഓന്റർപ്രെന്യുർഷിപ്പ് (ഐക്രിയേറ്റ്) കൂടാതെ പ്രത്യേക ആവശ്യങ്ങൾക്ക് അനുയോജ്യമായ വികസന പങ്കാളിത്തം നൽകുന്നതിനായി ഇസ്രയേലിന്റെ സ്റ്റാർട്ട് അപ് നേഷൻസ് സെൻട്രൽ (SNC) എന്നിവയുടെ വിജയഗാഥകൾ പ്രത്യേക അഭിനന്ദനത്തിനു അർഹമായി.

4. സംയുക്തമായ വിദ്യാഭ്യാസ ശാസ്ത്രീയ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇന്ത്യ -ഇസ്രായേൽ ഇൻഡസ്ട്രിയൽ R & D , ടെക്നോളോജിക്കൽ ഇന്നൊവേഷൻ ഫണ്ട് (14F) , യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മീഷൻ (UGC), ഇസ്രായേൽ സയൻസ് ഫൗണ്ടേഷൻ (ISF) എന്നിവയുടെ സഹായകമായ ചുമതലകൾ ഇരു ഭാഗങ്ങളും നിരീക്ഷിച്ചു.

5 കോവിഡ് -19 പകർച്ചവ്യാധിയുടെ പ്രത്യാഘാതങ്ങൾ തടയുന്നതിനും ചികിത്സ പരിശോധന ഉപകരണങ്ങളുടെ ഗവേഷണത്തിൽ സഹകരണത്തിനുമുള്ള അതാത് രാജ്യങ്ങളുടെ ദേശീയ സമീപനങ്ങളെക്കുറിച്ചുള്ള ചർച്ചകളും നടന്നു.

6. പരസ്പരം ഇരു രാജ്യങ്ങൾക്കും താല്പര്യമുള്ള പ്രാദേശികവും അന്തർദേശീയവുമായ കാഴ്പ്പാടുകളുടെ ഗഹനമായ ചർച്ചയും ഇരു ഭാഗങ്ങളും നടത്തി.

7. സ്ഥിരമായ സന്ദർശനങ്ങളും പര്യാലോചനകളും നടത്തിക്കൊണ്ട ബന്ധങ്ങളിലെ പുരോഗമനപരമായ ആവേഗം തുടരുന്നതിനുമുള്ള പ്രാധാന്യം അവർ അംഗീകരിച്ചു കൂടാതെ അടുത്ത ഘട്ട വിദേശകാര്യ പര്യാലോചന ഇരു കൂട്ടർക്കും സമ്മതമായ തിയ്യതിയിൽ നടത്തുന്നതിനും തീരുമാനിച്ചു.

**ന്യൂ ഡൽഹി**
**07 ഡിസംബർ, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**